# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## പ്രാർത്ഥനയെ തോൽപിച്ച സാത്താൻ!



ഫീനിക്സ്, അരിസോണ: ഫീനിക്സ് സിറ്റി കൗൺസിലിൽ 65 വർഷം പഴക്കമുള്ള ഒരു കീഴ്‌വഴക്കമുണ്ടായിരുന്നു. കൗൺസിൽ മീറ്റിംഗുകൾ ആരംഭിക്കുന്നതിന് മുമ്പ് ഓരോ കൗൺസിലന്മാരും ചെറിയ ഒരു പ്രാർത്ഥന ചൊല്ലുക. അത് ഏതുമതത്തിൽപെട്ട വിശ്വാസികളാണെങ്കിലും ചൊല്ലാം. പക്ഷേ, ആ പ്രവണത രാജ്യവ്യാപകമായ ഒരു ചർച്ചക്കിടയാക്കി. കാരണം മറ്റൊന്നുമല്ല, അടുത്തിടെ കൗൺസിലറായി ഒരു സാത്താൻ ആരാധകൻ തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന് പ്രാർത്ഥിക്കാനുള്ളത് പിശാചിനോടാണ്. അതോടെ കാര്യങ്ങൾ കീഴ്മേൽമറിഞ്ഞു. തിന്മ വരുത്തണമെന്നും നന്മ പ്രവർത്തിക്കുന്നവരെ നശിപ്പിക്കണമെന്നും ധാരാളം അഴിമതിക്കാരും പീഢകരും ഉയർന്നുവരണമെന്നുമൊക്കെ അദ്ദേഹം പ്രാർത്ഥിക്കുവാൻ തുടങ്ങിയതോടെ സംഗതി പന്തിയല്ലെന്ന് പലർക്കും തോന്നിത്തുടങ്ങി.

ഇതെത്തുടർന്ന് ഫീനിക്സ് സിറ്റി കൗൺസിലിൽ കഴിഞ്ഞദിവസം പ്രമാദമായ ഒരു വോട്ടിംഗ് നടന്നു. കൗൺസിൽ സമ്മേളനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് നടത്തിവന്നിരുന്ന പ്രാർത്ഥന ഉപേക്ഷിച്ച് തെല്ലുനേരത്തെ നിശബ്ദതയാക്കണമെന്നുള്ള വാദമാണ് വിജയിച്ചത്. 54 അനുപാതത്തിൽ വോട്ടിങ്ങിലൂടെ ഇനിമുതൽ പ്രാർത്ഥന ആവശ്യമില്ല, നിശബ്ദത മതി എന്നാണ് തീരുമാനമുണ്ടായത്. പ്രാർത്ഥന നിരോധനത്തിലൂടെ വിജയിച്ചത് സാത്താൻ ആരാധകരാണ്. കാരണം, പ്രാർത്ഥനയ്ക്ക് അംഗീകാരം നൽകപ്പെട്ടാൽ പൈശാചിക പ്രാർത്ഥനകളും ഉൾച്ചേർക്കപ്പെടണമെന്ന് വാദിക്കാൻ ടക്സണിൽനിന്നുള്ള സാത്താൻ ആരാധനാലയ അംഗമായ ഒരു കൗൺസിലർ ശക്തിയുക്തം വാദിക്കാനിരിക്കെയാണ് നിശബ്ദത മതി എന്ന തീരുമാനമുണ്ടായത്. അതോടുകൂടി സാത്താൻ പ്രാർത്ഥനയോടുകൂടി കൗൺസിൽ മീറ്റിംഗ് ആരംഭിക്കേണ്ട ഗതികേടിൽനിന്ന് അംഗങ്ങൾ കഷ്ടിച്ച് രക്ഷപെട്ടു.

'സത്യത്തിൽ സാത്താൻ ആരാധകർ വിജയിക്കുകയാണ് ചെയ്തത്. എല്ലാത്തരത്തിലുമുള്ള പ്രാർത്ഥനകൾ നിരോധിക്കപ്പെട്ടതിലൂടെ അവരുടെ അജൻഡ വിജയിച്ചു.' കൗൺസിൽ വോട്ടിംഗിൽ പങ്കെടുത്ത ഡിസിസിയോ പറഞ്ഞു. 'ഏതെങ്കിലും ഒരു പ്രാർത്ഥനയെന്നല്ല, എല്ലാ പ്രാർത്ഥനകളും നിരോധിക്കപ്പെടണമെന്ന് അവർ വാദിച്ചു. അല്ലെങ്കിൽ സാത്താനിക

പ്രാർത്ഥനയും ഉൾച്ചേർക്കണമെന്ന്. അപ്പോൾ, 54 വോട്ടിംഗിൽ പ്രാർത്ഥന വേണ്ട, നിശബ്ദത മതി എന്ന തീരുമാനമുണ്ടാവുകയായിരുന്നു.' അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതോടുകൂടി 65 വർഷം പഴക്കമുള്ള ഒരു കീഴ്‌വഴക്കത്തിനാണ് തിരശ്ശീല വീണിരിക്കുന്നത്. സാത്താനിസം ഒരു മതമല്ലെന്നുള്ള വാദമുയർത്തി എല്ലാ പ്രാർത്ഥനകളും നിരോധിച്ച തീരുമാനത്തെ അതിജീവിക്കാമായിരുന്നെന്ന് പലരും വിലയിരുത്തുകയുണ്ടായി. കൗൺസിൽ അംഗങ്ങൾ പ്രാർത്ഥിക്കുന്നതിന് പകരം ചാപ്ലയിനെ നിയമിച്ച് പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കാനുള്ള സാധ്യതയും ഉണ്ടായിരുന്നു. ഇത്തരമൊരു തീരുമാനമാണ് ഉണ്ടാവുന്നതെങ്കിൽ സാത്താൻ പ്രാർത്ഥന ഒഴിവാക്കാമായിരുന്നു. ഗ്രീസ് വി. ഗാല്ലോവേ വിധിയിലൂടെ സുപ്രീം കോടതി പബ്ലിക് ഓഫീസുകളിലും പ്രാർത്ഥന അനുവദനീയമാണെന്ന് വിധിച്ചതും നിയമപരമായി ചൂണ്ടിക്കാണിക്കാവുന്നതായിരുന്നു. ഏങ്ങനെയായാലും യാതൊരു പ്രാർത്ഥനയും ഉയരില്ല എന്ന കൗൺസിൽ തീരുമാനം തത്വത്തിൽ സാത്താൻ ആരാധകരുടെ വിജയമായി.

ടെലിവിഷൻ ചാനലുകളിലും ഈ വാർത്ത ഇടംപിടിച്ചിരുന്നു. ചർച്ചയ്ക്കായി എത്തിയ ഡിസിസിയോ സാത്താൻ ആരാധകരെ ഐസിസ് ഭീകരരോട് ഉപമിച്ചത് വലിയ കോളിളക്കം സൃഷ്ടിച്ചു. അതിന് അദ്ദേഹം നൽകിയ വിശദീകരണം ഇങ്ങനെ, 'ഈ 65 വർഷങ്ങളിൽ ക്രിസ്തീയ പ്രാർത്ഥനകൾ മാത്രമല്ല ഇവിടെ അർപ്പിക്കപ്പെട്ടത്. മറ്റ് പല മതസ്ഥരും പ്രാർത്ഥിച്ചു. എന്നാൽ അവയെല്ലാം ഏതെങ്കിലും തരത്തിൽ നന്മയുളവാക്കുന്നതായിരുന്നു. അതല്ലേ നമ്മുടെ സമൂഹത്തിനാവശ്യം. ഐസിസ് എന്നാൽ തിന്മയാണെന്ന് നാം പറയുന്നു. സാത്താൻ ആരാധകരും തിന്മയാണ് ആഗ്രഹിക്കുന്നത്. അവരുടെ പ്രാർത്ഥനയും ക്ഷണിച്ചുവരുത്തുന്നത് തിന്മയായിരിക്കും. ഈ സിറ്റി കൗൺസിൽ എന്തിനുവേണ്ടി പ്രവർത്തിക്കുന്നോ അതിന് ഘടകവിരുദ്ധമാണ് അവരുടെ പ്രാർത്ഥന. നന്മയുളവാകുവാൻ നാം അധ്വാനിക്കുന്നു. തിന്മയുളവാകുവാൻ അവർ പ്രാർത്ഥിക്കുന്നു. ഇതെങ്ങനെയാണ് ഒരുമിച്ചുപോകുക?'

പ്രാർത്ഥന അനുവദിച്ചില്ലെങ്കിൽ സാത്താനിക് ആരാധകർ കോടതിയിൽ കേസ് ഫയൽ ചെയ്യുമെന്നും പറഞ്ഞിരുന്നു. അങ്ങനെ, പ്രാർത്ഥന നടത്തുക എന്ന വിഷയം വലിയ ചർച്ചയായപ്പോഴാണ് നിശബ്ദതയിലേക്ക് എല്ലാവരും ചുവടുമാറ്റിയത്. ഈ പ്രാർത്ഥനാ നിരോധനം മറ്റ് സംസ്ഥാനങ്ങളിലും ചർച്ചയാകുമെന്നും പലരും ഭയക്കുന്നുണ്ട്. സാത്താൻ ആരാധകരുടെ വിജയമാവും അത്. കാരണം അവർ ഭയക്കുന്ന ഒരു കാര്യത്തെ എടുത്തുമാറ്റാൻ അവർക്കായല്ലോ. ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തെ പല രീതിയിലും മലീമസപ്പെടുത്തുവാനാണ് പലരും ശ്രമിക്കുന്നത്.

പ്രശസ്ത ഭൂതോച്ചാടകനായ ഫാ. വിൻസെന്റ് ലാംപെർട്ട് പറയുന്നത് ഇത് സാത്താൻ ആരാധകർ നേടിയ വലിയ വിജയമാണെന്നാണ്. തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏറ്റവും തടസ്സം സൃഷ്ടിക്കുന്നത് പ്രാർത്ഥനകളാണെന്ന് സാത്താൻ ആരാധകർക്കറിയാം എന്നും അദ്ദേഹം പറയുകയുണ്ടായി. 'ദൈവത്തെ മാറ്റിനിർത്താനുള്ള ശ്രമമാണ് പ്രാർത്ഥനയെ ഇല്ലായ്മ ചെയ്യുന്നതിലൂടെ സംഭവിക്കുന്നത്. നിശബ്ദത മാത്രമാകുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് ഒരു ശൂന്യതയാണ്. അപ്പോൾ പിശാചിന് എളുപ്പം ഈ ശൂന്യതയിലേക്ക് കടന്നുകയറാനാകും. ഉച്ചത്തിൽ പ്രാർത്ഥന ചൊല്ലുന്നത് വിശ്വാസത്തിന്റെ പ്രഘോഷണം കൂടിയാണ്. അതു കേൾക്കുന്നവരിലും വിശ്വാസം ഉണരും. ഈ സാധ്യതയെ തകിടം മറിക്കുവാനുള്ള ശ്രമങ്ങളാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ നടക്കുന്നത്. പിശാചിന് പ്രാർത്ഥനയെ മാത്രമെ തേൽപിക്കാനായിട്ടുള്ളൂ, ദൈവത്തെ തോല്പിക്കാനാവില്ല എന്നും അദ്ദേഹം വിശ്വാസികളെ ഓർമ്മിപ്പിച്ചു. മനുഷ്യരുടെ വിശ്വാസം ക്ഷയിക്കുന്നിടത്താണ് പിശാച് ഇത്തരത്തിൽ വിജയിക്കുന്നത്.' ഫാദർ ലാംപെർട്ട് പറഞ്ഞു.

കടപ്പാട്: in.sundayshalom.com